# ഖാദിയാനികൾ, റശാദ് ഖലീഫ, ഹാറൂൻ യഹ്‌യാ:
# അന്ത്യപ്രവാചകനും അന്ത്യദൂതനും

കെ. കെ. ആലിക്കോയ

മുഹമ്മദ് നബി അന്ത്യപ്രവാചകനും അന്ത്യദൂതനുമാണ്. അതിനാൽ, അദ്ദേഹത്തിന്ന് ശേഷം ഒരു തരത്തിലുള്ള നബിയും റസൂലും വരുകയില്ല. ഇതാണ് ലോകമുസ്‌ലിംകൾ വിശ്വസിക്കുന്നത്. എന്നാൽ, ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ ചില നുബുവ്വത്ത്‌വാദികളും റിസാലത്ത്‌വാദികളും രംഗത്ത് വന്നിട്ടുണ്ട്. ഇത്തരക്കാരിൽ ചിലരെങ്കിലും അവരുടെ മുഖ്യ തെളിവായി ഉന്നയിക്കാറുള്ള ഒന്ന് ഖുർആൻ 3/81, 33/7 എന്നിവയുടെ സംയോജനമാണ്. സമീപകാല മുൻഗാമികളായ ഖാദിയാനികൾ, റശാദ് ഖലീഫ എന്നിവരെപ്പോലെ, ഇപ്പോൾ ഹാറൂൻ യഹ്‌യായും ഇതേ വഴിക്ക് തന്നെയാണ് നീങ്ങുന്നത്. ഇതിനെ സംബന്ധിച്ച ചർച്ചയ്ക്ക് മുമ്പായി, അന്ത്യപ്രവാചകൻ/അന്ത്യദൂതൻ എന്നിവയെ സംബന്ധിച്ച് ഈ മൂന്ന് വിഭാഗത്തിന്റെയും കാഴ്ചപ്പാട് എന്താണെന്ന് നോക്കാം.

ഖാദിയാനികളുടെ വിശ്വാസം: 1. പ്രവാചകൻ, ദൂതൻ എന്നിവ സമാനമായ രണ്ട് സാങ്കേതികപദങ്ങളാണ്. 2. പൊതുവായ അർഥത്തിൽ മുഹമ്മദ് അന്ത്യപ്രവാചകനോ അന്ത്യദൂതനോ അല്ല. 3. നിയമവുമായി വരുന്ന അന്ത്യപ്രവാചകനും അന്ത്യദൂതനുമാണ് മുഹമ്മദ്. 4. മുഹമ്മദ് നബിക്ക് ശേഷവും ദൂതൻമാർ/പ്രവാചകൻമാർ വരാൻ സാധ്യതയുണ്ട്. 5. ഖുർആനിന്ന് ശേഷം പുതിയ വേദം വരുകയില്ല. 6. മുഹമ്മദ് നബി കൊണ്ട്വന്ന നിയമത്തിന്ന് ശേഷം പുതിയ നിയമം നൽകപ്പെടുകയില്ല. 7. മീർസാ ഗുലാം അഹ്മദ് അൽ ഖാദിയാൻ മുഹമ്മദ് നബിക്ക് ശേഷം വന്ന പ്രവാചകനും ദൂതനുമാണ്. 8. മുഹമ്മദ് നബി പ്രവചിച്ച മഹ്ദിയാണ് അദ്ദേഹം. 9. നബി പ്രവചിച്ച മസീഹും അദ്ദേഹം തന്നെ. 10. മീർസായ്ക്ക് ശേഷം ഒരു തരത്തിലുള്ള പ്രവാചകനെയും ദൂതനെയും അവർ പ്രതീക്ഷിക്കുന്നില്ല. (Ref. പല കൃതികൾ)

റശാദ് ഖലീഫയുടെ വിശ്വാസം: 1. പ്രവാചകൻ, ദൂതൻ എന്നിവ വ്യത്യസ്തമായ രണ്ട് സാങ്കേതിക പദങ്ങളാണ്. 2. ഗ്രന്ഥം നൽകപ്പെട്ടവർക്കാണ് പ്രവാചകൻമാർ എന്ന് പറയുന്നത്. 3. എല്ലാ ദൂതൻമാർക്കും ഗ്രന്ഥം നൽകപ്പെട്ടിട്ടില്ല. 4. എല്ലാ പ്രവാചകൻമാരും ദൂതൻമാരാണ്. 5. എന്നാൽ, എല്ലാ ദൂതൻമാരും പ്രവാചകൻമാരല്ല. 6. മുഹമ്മദ് അന്ത്യപ്രവാചകനാണ്. 7. ഖുർആനിന്ന് ശേഷം പുതിയ ഗ്രന്ഥം നൽകപ്പെടുകയില്ല. 8. മുഹമ്മദ് അന്ത്യദൂതനല്ല. 9. മുഹമ്മദിന്ന് ശേഷം ഒരു ദൂതൻ വരാൻ സാധ്യതയുണ്ട്. 10. ഖുർആൻ 3/81 ൽ പ്രവാചകൻമാരോട് വാങ്ങിയ കരാർ ഈ ദൂതനെക്കുറിച്ചുള്ള പ്രവചനമാണ്. 11. ആ കരാറനുസരിച്ചുള്ള ദൂതൻ റശാദ് ഖലീഫ ആണ്. (see www.submission.org)

ഹാറൂൻ യഹ്‌യായുടെ വിശ്വാസം: 1. പ്രവാചകൻ, ദൂതൻ എന്നിവ വ്യത്യസ്തമായ രണ്ട് സാങ്കേതിക പദങ്ങളാണ്. 2. സ്വതന്ത്ര ശരീഅത്ത് /ഗ്രന്ഥം നൽകപ്പെട്ടവർക്കാണ് പ്രവാചകൻമാർ എന്ന് പറയുന്നത്. (രണ്ടിൽ ഏതാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാടെന്നത് വ്യക്തമല്ല.) 3. എല്ലാ ദൂതൻമാർക്കും സ്വതന്ത്ര ശരീഅത്ത് /ഗ്രന്ഥം നൽകപ്പെട്ടിട്ടില്ല. 4. എല്ലാ പ്രവാചകൻമാരും ദൂതൻമാരാണ്. 5. എന്നാൽ, എല്ലാ ദൂതൻമാരും പ്രവാചകൻമാരല്ല. 6. മുഹമ്മദ് അന്ത്യപ്രവാചകനാണ്. 7. ഖുർആനിന്ന് ശേഷം പുതിയ ഗ്രന്ഥം നൽകപ്പെടുകയില്ല. 8. മുഹമ്മദ് അന്ത്യദൂതനല്ല. 9. മുഹമ്മദിന്ന് ശേഷം ഒരു ദൂതൻ വരാൻ സാധ്യതയുണ്ട്. 10. ഖുർആൻ 3/81 ൽ പ്രവാചകൻമാരോട് വാങ്ങിയ കരാർ ഈ ദൂതനെക്കുറിച്ചുള്ള പ്രവചനമാണ്. 11. ഇതേ ദൂതനെക്കുറിച്ചാണ് ഈസാ നബി സന്തോഷവാർത്ത അറിയിച്ചതായി ഖുർആൻ 61/6 അറിയിച്ചത്. 12. വരാനിരിക്കുന്ന ഈ ദൂതന്റെ പേര് അഹ്മദ് (ഖുർആൻ 61/6) എന്നായരിക്കും. 13. മുഹമ്മദ് നബി (ഹദീസുകളിൽ) പ്രവചിച്ച മഹ്ദിയും ഈ ദൂതൻ തന്നെയാണ്. 14. മഹ്ദി താൻ മഹ്ദിയാണെന്നോ ദൂതനാണെന്നോ വാദിക്കുകയില്ല.

തന്റെ പുത്തൻ വാദങ്ങൾ സമർഥിച്ചു കൊണ്ട് ഹാറൂൻ യഹ്‌യാ എഴുതുന്നു: "One of the verses in the Qur'an pointing to the coming of Mahdi refers to "a messenger who will appear after Prophet Muhammad (may Allah bless him and grant him peace).

"Through this verse, Allah tells us that He has made a covenant with the prophets that they would believe in and help a messenger who will come after them:

"Remember when Allah made a covenant with the prophets: "Now that We have given you a share of the Book and Wisdom, and then a messenger comes to you confirming what is with you, you must believe in him and help him." He asked, "Do you agree and undertake my commission on that condition?" They replied, "We agree." He said, "Bear witness, then. I am with you as one of the witnesses." (Surah Al 'Imran, 81)

"The names of the prophets referred to in this verse, those reported to have made that covenant, are revealed in another verse:

"When We made a covenant with all the prophets—with you and with Nuh and Ibrahim and Musa and 'Isa son of Maryam—We made a binding covenant with them. (Surat al-Ahzab, 7)

**"It is revealed in the verse that a covenant has been made with Prophets "Noah, Abraham, Moses and Jesus" and with "Prophet Muhammad (may Allah bless him and grant him peace)," as the term "with you" implies.**

"This revelation in the verse shows that "this messenger whose coming is described is not Prophet Muhammad (may Allah bless him and grant him peace), but is a messenger who will come after the Prophet (may Allah bless him and grant him peace)." And Allah knows best. This messenger, whom Allah reveals will come after Prophet Muhammad (may Allah bless him and grant him peace), may well be "Mahdi," the glad tidings of whose coming are related also in the sayings of our Prophet (may Allah bless him and grant him peace). And Allah knows best.

"The way that the messenger whose coming has been promised has also received a promise of assistance from Jesus (pbuh), as reported in verse 7 of Surat al-Ahzab, further reinforces this view. That is because as we know, Prophet Jesus (pbuh) is reported in the hadith of the Prophet (may Allah bless him and grant him peace) as returning to Earth in the End Times and following and supporting Mahdi:

(Pages 76, 77, The Mahdi a Discendant of porphet Abraham [PBUH], which can be downloaded from , http://harunyahya.com/books/faith/descendent/descendent_01.php)

("മഹ്ദിയുടെ വരവിനെ സൂചിപ്പിക്കുന്ന ഖുർആൻ സൂക്തങ്ങളിലൊന്നിൽ അദ്ദേഹത്തെ മുഹമ്മദ് നബിക്ക് ശേഷം വരുന്ന ദൂതനായിട്ട് പരാമർശിച്ചിരിക്കുന്നു. ഈ വാക്യത്തിലൂടെ ഓരോ പ്രവാചകനോടും തങ്ങൾക്ക് ശേഷം വരുന്ന ദൂതനെ  വിശ്വസിക്കണമെന്നും സഹായിക്കണമെന്നും അല്ലാഹു കരാർ വാങ്ങിയിട്ടുണ്ട് എന്ന കാര്യം അല്ലാഹു നമ്മോട് പറയുന്നു.

"അല്ലാഹു പ്രവാചകൻമാരോട് കരാർ വാങ്ങിയ സന്ദർഭം അനുസ്മരിക്കുക. ഞാൻ നിങ്ങൾക്ക് ഗ്രന്ഥവും തത്വജ്ഞാനവും നൽകുകയും അതിന്ന് ശേഷം നിങ്ങളുടെ പക്കലുള്ളതിനെ ശരിവെക്കുന്ന ഒരു ദൂതൻ നിങ്ങൾക്ക് വരികയും ചെയ്താൽ നിങ്ങൾ അദ്ദേഹത്തെ വിശ്വസിക്കുകയും സഹായിക്കുകയും ചെയ്യണം. അല്ലാഹു ചോദിച്ചു: 'നിങ്ങൾ സമ്മതിക്കുകയും ഇക്കാര്യത്തിലുള്ള എന്റെ കരാർ സ്വീകരിക്കുകയും ചെയ്തുവോ?' അവർ പറഞ്ഞു: 'ഞങ്ങൾ സമ്മതിച്ചിരിക്കുന്നു.' അല്ലാഹു പറഞ്ഞു: 'നിങ്ങൾ സാക്ഷികളാവുക. നിങ്ങളോടൊപ്പം സാക്ഷികളിൽ ഞാനുമുണ്ടായിരിക്കും.' (ആലു ഇംറാൻ 81)

"അല്ലാഹു കരാർ വാങ്ങിയിട്ടുണ്ടെന്ന് ഈ സൂക്തം സൂചിപ്പിച്ച പ്രവാചകൻമാർ ആരെല്ലാമാണെന്ന് മറ്റൊരു സൂക്തത്തിൽ വെളിപ്പെടുത്തപ്പെട്ടിട്ടുണ്ട്:

"പ്രവാചകൻമാരിൽ നിന്ന്—താങ്കളിൽ നിന്നും നൂഹ്, ഇബ്റാഹീം, മൂസാ, മർയമിന്റെ പുത്രൻ ഈസാ എന്നിവരിൽ നിന്നും—നാം കരാർ വാങ്ങിയ സന്ദർഭം അനുസ്മരിക്കുക. ശക്തമായ ഒരു കരാർ ഇവരിൽ നിന്ന് നാം വാങ്ങിയിരിക്കുന്നു.' (അഹ്സാബ് 7)

"നൂഹ്, ഇബ്റാഹീം, മൂസാ, ഈസാ എന്നിവരിൽ നിന്നെന്ന പോലെ, 'നിന്നിൽ നിന്നും' എന്ന വാക്കിലൂടെ മുഹമ്മദ് നബിയിൽ നിന്നും ഒരു കരാർ വാങ്ങിയത് ഇവിടെ വ്യക്തമാക്കപ്പെട്ടു.

"മേൽ സൂക്തത്തിൽ വെളിപ്പെടുത്തപ്പെട്ട, വരാനിരിക്കുന്ന ദൂതൻ മുഹമ്മദ് നബിയല്ല; പ്രത്യുത അദ്ദേഹത്തിന്ന് ശേഷം വരുന്ന മറ്റൊരു ദൂതനാണ്.  അല്ലാഹുവിന്നറിയാം. മുഹമ്മദ് നബിക്ക് ശേഷം

വരുമെന്ന് അല്ലാഹു വെളിപ്പെടുത്തിയിട്ടുള്ള ഈ ദൂതൻ ഹദീസുകളിൽ പ്രവചിക്കപ്പെട്ട മഹ്ദി ആയിരിക്കാൻ സാധ്യതയുണ്ട്. അല്ലാഹു അഅ്ലം.

"വരാനിരിക്കുന്ന ദൂതനെക്കുറിച്ചുള്ള പ്രവചനം വന്ന അതേ മാർഗ്ഗത്തിൽ തന്നെ ഈസാ നബി അദ്ദേഹത്തെ സഹായിക്കുമെന്ന പ്രവചനവും വന്നിട്ടുണ്ട്. അഹ്സാബിലെ ഏഴാം സൂക്തം ഇത് ശരിവെക്കുന്നു. കാരണം, നമുക്കറിയാം, മുഹമ്മദ് നബിയുടെ ഹദീസുകളിൽ അവസാനനാളുകളിൽ ഭൂമിയിലേക്ക് തിരിച്ചു വന്ന് മഹ്ദിയെ പിന്തുണക്കുകയും സഹായിക്കുകയും ചെയ്യുന്നവനായിട്ടാണ് ഈസാ നബിയെക്കുറിച്ച് പ്രവചിക്കപ്പെട്ടിരിക്കുന്നത്.)

ഹാറൂൻ യഹ്യായുടെ വാക്കുകളിൽ നാം കണ്ടതുൾപ്പെടെ, ഈ മൂന്ന് വിഭാഗത്തിന്റെയും വാദങ്ങൾ ഇസ്ലാമിക പ്രമാണങ്ങളുടെ വെളിച്ചത്തിൽ നമുക്ക് പരിശോധിക്കാം: അല്ലാഹു പ്രവാചകൻമാരോട്, അവർക്ക് ശേഷം വരാനിരിക്കുന്ന ദൂതനെ വിശ്വസിക്കുകയും സഹായിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് വാങ്ങിയ ഒരു കരാറാണ് ഖുർആൻ 3/81 ന്റെ പ്രമേയം. മുഹമ്മദ് നബിക്ക് മുമ്പായി അയക്കപ്പെട്ട പ്രവാചകൻമാരിൽ നിന്നാണ് കരാർ വാങ്ങിയിട്ടുള്ളത്; ഇവരോടെല്ലാം വിശ്വസിക്കാൻ ആവശ്യപ്പെട്ടിരിക്കുന്ന ദൂതൻ അദ്ദേഹമാണ് എന്നിവ സംബന്ധിച്ച് പൂർവ്വീകരും ആധുനികരുമായ ഖുർആൻ വ്യഖ്യാതാക്കൾ അൽഭുതകരമാം വണ്ണം ഏകാഭിപ്രായക്കരാണ്. മറ്റു പ്രവാചകൻമാരെല്ലാം നിർണ്ണിത ജനതയിലേക്കും കാലത്തേക്കും ദേശത്തേക്കും അയക്കപ്പെട്ടവരായതിനാൽ, അവസാനം ആഗതനാകുന്ന ലോകപ്രവാചകനെ വിശ്വസിക്കാൻ എല്ലാവരും ബാധ്യസ്ഥരാണ്. ഇക്കാര്യം അവർ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യണം. പൂർവ്വവേദങ്ങളിൽ മുഹമ്മദ് നബിയെക്കുറിച്ച് കാണപ്പെടുന്ന പ്രവചനങ്ങൾ ഈ കരാറിനെ ഓർമ്മിപ്പിക്കുന്നു. അദ്ദേഹത്തിന്റെ പരമപ്രധാനമായ ഈ അവസ്ഥ സൂചിപ്പിക്കുന്ന ഖുർആൻ സൂക്തമാണ്, തങ്ങളുടെ വികലമായ റിസാലത്ത് വാദത്തിന്ന് ഉപോൽബലകമായി ഇവർ ഉപയോഗിച്ചിരിക്കുന്നത്.

യഥാർഥത്തിൽ, ഈ സൂക്തത്തിന്റെ സന്ദേശം 'മുഹമ്മദ് നബിക്ക് ശേഷം ഒരു റസൂൽ വരാനുണ്ട്' എന്നായിരുന്നുവെങ്കിൽ, അക്കാര്യം ഖുർആൻ വ്യഖ്യാതാക്കളുൾപ്പെടെയുള്ള ഇസ്ലാമിക പണ്ഡിതൻമാർ വ്യക്തമാക്കുമായിരുന്നു. മാത്രമല്ല; റിസാലത്ത് വിശ്വാസത്തിന്റെ ബാലപാഠങ്ങളിൽ തന്നെ മുസ്ലിം ലോകം അത് പഠിക്കുകയും, ഒരു റസൂലിനെ അവർ പ്രതീക്ഷിക്കുകയും ചെയ്യുമായിരുന്നു. ഇങ്ങനെയൊന്ന് ഇസ്ലാമിക ചരിത്രത്തിന്റെ ഒരു ഘട്ടത്തിലും ഉണ്ടായിട്ടില്ല. ഈ പശ്ചാത്തലത്തിലാണ് ഖുർആൻ 3/81 ന്റെ വ്യാഖ്യാനമായി ഖുർആൻ 33/7 ഇവർ ദുരുപയോഗപ്പെടുത്തുന്നതിനെ നാം വിലയിരുത്തേണ്ടത്.

وَإِذْ أَخَذْنَا مِنَ النَّبِيِّينَ مِيثَاقَهُمْ وَمِنْكَ وَمِنْ نُوحٍ وَإِبْرَاهِيمَ وَمُوسَى وَعِيسَى ابْنِ مَرْيَمَ وَأَخَذْنَا مِنْهُمْ مِيثَاقًا غَلِيظًا

പ്രവാചകൻമാരിൽ നിന്ന് -നിന്നിൽ (മുഹമ്മദ്) നിന്നും നൂഹ്, ഇബ്റാഹീം, മൂസാ, ഇസബ്നു മർയം എന്നിവരിൽ നിന്നും- നാം അവരുടെ കരാർ വാങ്ങിയ സന്ദർഭം അനുസ്മരിക്കുക. അവരിൽ നിന്ന് നാം ബലിഷ്ഠമായ ഒരു കരാർ വാങ്ങിയിരിക്കുന്നു. (ഖുർആൻ 33/7)

മുഹമ്മദ് നബി ഉൾപ്പെടെ അഞ്ച് പ്രവാചകൻമാരിൽ നിന്ന് അല്ലാഹു വാങ്ങിയ ഈ കരാർ, 3/81 ൽ പ്രതിപാദിക്കപ്പെട്ട അതേ കരാർ തന്നെയാണെന്ന് ഖുർആൻ ഒരിടത്തും വ്യക്തമാക്കിയിട്ടില്ല; നബി (സ) അങ്ങനെ വിശദീകരിച്ചിട്ടില്ല; ഈ വാദം ലോകമംഗീകരിച്ച മുഫസ്സിറുകളിൽ ആർക്കുമില്ല. 3/81 ൽ പറഞ്ഞ ഒരേയൊരു കരാർ മാത്രമേ അല്ലാഹു പ്രവാചകൻമാരിൽ നിന്ന് വാങ്ങിയിട്ടുള്ളുവെങ്കിൽ 33/7 ന്റെ ഉദ്ദേശ്യം മറ്റൊരു കരാറായിരിക്കാൻ ഒട്ടും സാധ്യതയില്ല എന്ന് നാം സമ്മതിക്കേണ്ടി വരും. എന്നാൽ, അല്ലാഹു പ്രവാചകൻമാരിൽ നിന്ന് പല കരാറുകളും പ്രതിജ്ഞകളും വാങ്ങിയതായി ഖുർആൻ വ്യക്തമാക്കുന്നുണ്ട്. ഇവയിൽ നിന്ന് ഈ സൂക്തത്തിന്റെ സന്ദർഭത്തോട് ഏറ്റവും യോജിക്കുന്ന കരാർ ഏതാണോ അത് മാത്രമേ ഇതിന്റെ ഉദ്ദേശ്യമായി സങ്കൽപ്പിക്കാൻ സാധിക്കുകയുള്ളു. നബിയോട് അദ്ദേഹത്തിന്റെ ദത്തുപുത്രന്റെ വിവാഹമുക്തയെ വിവാഹം കഴിക്കാൻ അല്ലാഹു ആവശ്യപ്പെട്ടപ്പോൾ, ശത്രുക്കളുടെ ആക്ഷേപങ്ങൾ ഭയന്ന് അദ്ദേഹം മടിച്ചു നിന്നു. 33ാം അധ്യായത്തിന്റെ 37, 38, 39 സൂക്തങ്ങൾ കാണുക. ഇതേ അദ്ധ്യായം ഒന്ന് മുതൽ ആറ് വരെ സൂക്തങ്ങളിൽ ഇക്കാര്യത്തെക്കുറിച്ചും പ്രവാചകന്റെ ഉത്തരവാദിത്തത്തെക്കുറിച്ചും ചില സൂചനകളുണ്ട്. 8ാം സൂക്തത്തിൽ ഈ കരാർ വാങ്ങിയരിക്കുന്നത് സത്യവാൻമാരെയും കാഫിറുകളെയും ചോദ്യം ചെയ്യുന്നതിന്ന് വേണ്ടിയാണെന്ന് പറഞ്ഞിരിക്കുന്നു. ഇതിൽ പ്രവാചകൻമാരും ഉൾപ്പെടുന്നതാണ്. ഈ സന്ദർഭത്തിൽ അല്ലാഹു അദ്ദേഹത്തെ ഒരു കരാർ അനുസ്മരിപ്പിക്കുന്നുവെങ്കിൽ, അത് അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന ഏത് കൽപ്പനയും ഒരു ഭയവും മടിയും കൂടാതെ നടപ്പിൽ വരുത്താൻ പ്രവാചകൻ ബാധ്യസ്ഥനാണെന്ന കരാർ ആവാനാണ് സാധ്യത. അല്ലാതെ, അദ്ദേഹത്തിന്ന് ശേഷം വരാനിരിക്കുന്ന ഒരു ദൂതനെ, പിൽക്കാല അനുയായികൾ വിശ്വസിക്കേണ്ടതുണ്ടെന്ന കരാർ ഈ സന്ദർഭത്തിൽ പ്രവാചകനെ ഓർമ്മിപ്പിക്കുന്നതിൽ അനൗചിത്യമുണ്ട്. കള്ളപ്രവാചകൻമാരും അവരുടെ വക്താക്കളും തങ്ങളുടെ നിലനിൽപ്പിന്നായി കണ്ടെത്തിയ പുൽക്കൊടി എത്ര ദുർബലം!

ഖുർആൻ 3/81 ൽ പ്രതിപാദിക്കപ്പെട്ട കരാർ മുഹമ്മദ് നബിയിൽ നിന്നും അല്ലാഹു വാങ്ങിയിട്ടുണ്ടെന്ന് സങ്കൽപ്പിച്ചാൽ, അദ്ദേഹത്തിന്ന് ശേഷം ഒരു ദൂതനെങ്കിലും വരുകയും ആ ദൂതനെ

മുസ്‌ലിംകൾ വിശ്വസിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് വരും. ഒട്ടും സന്ദേഹമില്ല. അതോടൊപ്പം, ഈ കരാറിന്റെ മറവിൽ വല്ല നുബുവ്വത്ത്/റിസാലത്ത് വാദിയും രംഗത്ത് വന്നാൽ, അത് തിരിച്ചറിയാൻ സഹായിക്കുന്ന അടയാളം ഈ കരാറിൽ വ്യവസ്ഥ ചെയ്തിരിക്കണം. ഇല്ലെങ്കിൽ ഈ കരാർ അപൂർണ്ണവും അനർഥഹേതുവും ആയിരിക്കും.

സൂക്തം 3/81 ൽ, പ്രതിപാദിക്കപ്പെട്ട ദൂതനെ مُصَدِّقٌ لِمَا مَعَكُمْ (നിങ്ങളുടെ പക്കലുള്ളതിനെ സത്യപ്പെടുത്തുന്നവൻ) എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. ഈയൊരു വിശേഷണമാണ് വരാനിരിക്കുന്ന ദൂതനെ തിരിച്ചറിയാൻ സഹായിക്കുന്ന അടയാളം. ഇതിന്റെ ഖാദിയാനീ വ്യാഖ്യാനം ഇപ്രകാരമാണ്: '......അദ്ദേഹം (മീർസാ ഗുലാം) തിരുനബിയുടെ ന്യായപ്രമാണത്തെ വരവണ്ണം സത്യപ്പെടുത്തുകയും സാക്ഷീകരിക്കുകയും ചെയ്യാനുള്ള ആളാണെന്ന് വരുമ്പോൾ വിശ്വസിക്കേണ്ടതും അദ്ദേഹത്തെ സഹായിക്കേണ്ടതും തിരുനബിയിൽ വിശ്വസിക്കുന്നവർക്ക് നിർബന്ധമായിത്തീരുന്നതാണ്.' (പേജ് 109, പ്രവാചകത്വം ഖുർആനിൽ. by മൗലാനാ അബ്ദുല്ലാ സാഹിബ് HA.)

അപ്പോൾ, മീർസാ ഗുലാമിന്റെ അടയാളം, 'അദ്ദേഹം മുഹമ്മദ് നബിയെ സത്യപ്പെടുത്തുകയും സാക്ഷീകരിക്കുകയും ചെയ്യുന്നു' എന്നതാണ്. ഇന്ന് ഒരാൾ പ്രവാചകത്വ വാദവുമായി രംഗത്ത് വരുകയും, എന്നിട്ട് മുഹമ്മദ് നബിയുടെ ന്യായപ്രമാണത്തെ 'വരവണ്ണം സത്യപ്പെടുത്തുകയും സാക്ഷീകരിക്കുകയും' ചെയ്താൽ അയാളെയും ഇവർ പ്രവാചകനായി സ്വീകരിക്കുമോ? എങ്കിൽ, ഈ പ്രവാചകപരമ്പര എവിടെച്ചെന്നാണവസാനിക്കുക?

'സത്യപ്പെടുത്തുന്നവൻ' എന്ന വിശേഷണപദത്തയന്റെ വിവക്ഷ ഖുർആനിൽ നിന്ന് തന്നെ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. യഹൂദ-ക്രൈസ്തവരെ സംബന്ധിച്ച്, അവരുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും എഴുതപ്പെട്ടിരിക്കുന്ന (7/157) പ്രവാചകനെ, തങ്ങളുടെ മക്കളെ തിരിച്ചറിയും വിധം അവർ തിരിച്ചറിഞ്ഞു (3/146) എന്ന് ഖുർആൻ പറയുന്നു. ഇതേ പ്രകാരം, മീർസാ ഗുലാം പ്രവാചകനാണെന്ന് തെളിയിക്കുന്ന, ഖുർആനിൽ എഴുതപ്പെട്ട വല്ല അടയാളവും ഇവർക്ക് ചൂണ്ടിക്കാണിക്കാൻ സാധിക്കേണ്ടതുണ്ട്. അത്തരം പ്രവചനത്തിന്റെ പുലർച്ചയായിട്ട് വരുന്ന പ്രവാചകനെയാണ് 'സത്യപ്പെടുത്തുന്ന' പ്രവാചകൻ എന്ന് വിശേഷിപ്പിക്കാൻ പറ്റുക..

'സത്യപ്പെടുത്തുന്നവൻ' എന്ന വിശേഷണപദത്തിന്റെ ഉദ്ദേശ്യം നിർണ്ണയിച്ചിടത്താണ് ഇവർ കൃത്രിമം കാണിച്ചത്. ഉപരിസൂചിത ഗ്രന്ഥത്തിൽ മറ്റൊരിടത്ത് ഇങ്ങനെ കാണാം: '......ആ ദിവ്യാത്മാവ് അവരുടെ ഗ്രന്ഥങ്ങളിലുള്ള <u>പ്രവചനങ്ങളെയും</u> സത്യസിദ്ധാന്തങ്ങളെയും സത്യപ്പെടുത്തുന്നതിന്നും സാക്ഷീകരിക്കുന്നതിന്നും വേണ്ടിയുള്ള ആളായിരിക്കുന്നതിനാൽ തിരുനബിയെ വിശ്വസിക്കേണ്ടത് അവരുടെ ചുമതലയാണെന്നും ഖുർആൻ ഓർമ്മപ്പെടുത്തിയിരിക്കയാണ്.' (പേജ് 108)

അതായത്, മുഹമ്മദ് നബി വന്നത് <u>അദ്ദേഹത്തെക്കുറിച്ച് പൂർവ്വവേദങ്ങളിലുള്ള പ്രവചനങ്ങളെയും</u> സത്യസിദ്ധാന്തങ്ങളെയും സത്യപ്പെടുത്തുവാനും സാക്ഷ്യപ്പെടുത്തുവാനുമാണ്. അതിന്റെ വിവക്ഷ എന്താണെന്നിവർക്ക് ശരിക്കറിയാം. എന്നാൽ മീർസാ സാഹിബ് വന്നത് അദ്ദേഹത്തെക്കുറിച്ച് ഖുർആനിലുള്ള <u>'പ്രവചനങ്ങളെ' സത്യപ്പെടുത്താനോ സാക്ഷീകരിക്കാനോ അല്ല</u>. അഥവാ, അദ്ദേഹം ഖുർആനിൽ എഴുതപ്പെട്ട പ്രവാചകനാണെന്ന് ഖാദിയാനികൾ പോലും കരുതുന്നില്ല

ഖാദിയാനികളുടെ മലയാളം ഖുർആൻ പരിഭാഷയിൽ മുസ്വദ്ദിഖിന്ന് '(പ്രവചനങ്ങൾ) സത്യമാണെന്ന് സ്ഥാപിക്കുന്ന, സാക്ഷാൽക്കരിക്കുന്ന, പൂർത്തിയാക്കുന്ന' തുടങ്ങിയ അർഥങ്ങൾ (2/89, 3/3, 3/39) നൽകിയിരിക്കുന്നു. ഈ അർഥങ്ങളിൽ ഒന്ന് പോലും 3/81 ന്ന് നൽകാതിരുന്നതിന്റെയും അപ്രകാരം അതിനെ വ്യാഖ്യാനിക്കാതിരുന്നതിന്റെയും കാരണം എന്താണെന്ന് ഇപ്പോൾ വ്യക്തമായല്ലോ. 'ഖുർആനിൽ എന്നെക്കുറിച്ചുള്ള പ്രവചനമിതാ, അത്കൊണ്ട് എന്നെ വശ്വസിക്കുക' എന്ന് പറയാൻ ഒരു നുബുവ്വത്ത്‌വാദിക്കും റിസാലത്ത്‌വാദിക്കും സാധിക്കുകയില്ല.

## ശരീഅത്ത് വാഹകനായ അന്ത്യപ്രവാചകനും അന്ത്യദൂതനും

നബിയും റസൂലും തുല്യമായ രണ്ടു സാങ്കേതികപദങ്ങളായിട്ടാണ് ഖാദിയാനികൾ പരിഗണിക്കുന്നത്. അതോടൊപ്പം, 'ശരീഅത്ത്‌വാഹകനായ അന്ത്യപ്രവാചകനും അന്ത്യദൂതനുമാണ് മുഹമ്മദ് നബി'യെന്നും, പുതിയ ശരീഅത്തില്ലാത്ത പ്രവാചകൻമാർ മാത്രമെ മുഹമ്മദ് നബിക്കു ശേഷം വരുകയുള്ളു എന്നും അവർ വിശ്വസിക്കുന്നു. ഈ വാദത്തിലെ രണ്ട് ഘടകങ്ങൾക്കും വ്യക്തമായ തെളിവ് സമർപ്പിക്കുവാൻ അവർക്ക് സാധിച്ചിട്ടില്ല. ഒന്നാമത്തേത് അവർ തന്നെ സമ്മതിക്കുന്നത് കാണുക: 'എനിക്കു ശേഷം ന്യായപ്രമാണത്തോടും എന്നോടുള്ള തുടർച്ച കൂടാതെ സ്വതന്ത്രമായ ദൗത്യത്തോടും കൂടിയ ഒരു പ്രവാചകൻ ഉണ്ടാകുന്നതല്ല' എന്ന് തിരുമേനി വ്യക്തമായി പറഞ്ഞിരുന്നില്ലെന്നത് വാസ്തവം തന്നെ'. (പേജ് 374, അന്നുബുവ്വത്തു ഫിൽ ഇസ്‌ലാം by അബ്ദുല്ലാ സാഹിബ് HA)

അതെ, എനിക്ക് ശേഷം ഒരു നബിയും ഉണ്ടാവില്ലെന്ന ഉപാധിരഹിതമായ പ്രസ്താവന മാത്രമാണ് നബി നടത്തിയിട്ടുള്ളത്. അദ്ദേഹം പറഞ്ഞു: « إِنَّ مَثَلِى وَمَثَلَ الأَنْبِيَاءِ مِنْ قَبْلِى كَمَثَلِ رَجُلٍ بَنَى بَيْتاً فَأَحْسَنَهُ وَأَجْمَلَهُ ، إِلاَّ مَوْضِعَ لَبِنَةٍ مِنْ زَاوِيَةٍ ، فَجَعَلَ النَّاسُ يَطُوفُونَ بِهِ وَيَعْجَبُونَ لَهُ ، وَيَقُولُونَ هَلاَّ وُضِعَتْ هَذِهِ اللَّبِنَةُ قَالَ فَأَنَا اللَّبِنَةُ ، وَأَنَا خَاتِمُ النَّبِيِّينَ » 'എന്റെയും എനിക്കു മുമ്പുള്ള പ്രവാചകൻമാരുടെയും ഉപമ ഇപ്രകാരമാകുന്നു: ഒരാളൊരു വീട് പണിതു. അത് നല്ലതും സുന്ദരവുമാക്കി. എന്നാൽ ഒരു മൂലകല്ലിന്റെ സ്ഥാനം ഒഴിവായിരുന്നു. ജനം ആ ഭവനം ചുറ്റി നടന്നു കാണുകയും അൽഭുതപ്പെടുകയും ചെയ്യുന്നതോടൊപ്പം അവരമ്പേഷിച്ചു കൊണ്ടിരുന്നു: 'ഈ കല്ല് എന്താണ് വെക്കാതിരുന്നത്?' നബി പറഞ്ഞു: 'ആ കല്ല് ഞാനാണ്; ഞാൻ ഖാത്തമുന്നബിയ്യീൻ (അന്ത്യപ്രവാചകൻ) ആണ്.' (ബുഖാരി, അഹ്മദ്,) 'ഖാത്തമുന്നബിയ്യീൻ' എന്നതിന്ന് അന്ത്യപ്രവാചകൻ എന്നല്ലാത്ത ഒരു വിവർത്തനവും ഈ സന്ദർഭത്തോട് യോചിക്കുകയില്ല.

എങ്കിലും ഖാദിയാനികളുടെ വിചിത്രമായ വ്യാഖ്യാനം ഇപ്രകാരമാണ്: 'മുഹമ്മദ് നബി പ്രവാചകൻമാരുടെ മുദ്രയാണ്. അദ്ദേഹത്തിന്റെ മുദ്രയോട് കൂടിയല്ലാതെ ഇനിയൊരു പ്രവാചകൻ വരുകയില്ല.'

പ്രവാചകൻ നടത്തിയ അർഥശങ്കക്കിടമില്ലാത്ത പ്രസ്താവനയുടെ വെളിച്ചത്തിൽ അവരുടെ ഈ വാദത്തെ വിലയിരുത്താൻ നമുക്ക് സാധിക്കുന്നുണ്ടല്ലോ. ബനൂ ഇസ്റാഈലിലെ അവസാനത്തെ പ്രവാചകനായതിനാൽ ഈസാ നബിയെ خَاتَمُ أَنْبِيَاءِ بَنِي إِسْرَائِيل (ഖാതമു അൻബിയാഇ ബനീ ഇസ്റാഈൽ) എന്ന് ഇമാം ഇബ്നു കസീർ വിശേഷിപ്പിച്ചിരിക്കുന്നു. ഖുർആൻ 61/6 ന്ന് അദ്ദേഹമെഴുതിയ വ്യാഖ്യാനം കാണുക. ഖാദിയാനീ വാദം ശരിയായിരുന്നുവെങ്കിൽ ആ സമുദായത്തിൽ, ഇസാ നബിയുടെ മുദ്രയുമായി, പിന്നീട് പ്രവാചകൻമാർ വന്നിട്ടുണ്ടാവണമല്ലോ. അല്ലെങ്കിൽ തന്നെ ഈസാ നബിയെ അല്ലല്ലോ; മൂസാ നബിയെ അല്ലേ 'ഖാതമു അൻബിയാഇ ബനീ ഇസ്റാഈൽ' എന്ന് വിളിക്കേണ്ടിയിരുന്നത്. കാരണം, അദ്ദേഹത്തിന്റെ കിതാബും ശരീഅത്തും അംഗീകരിക്കുന്നവരായിരുന്നുവല്ലോ ആ സമുദായത്തിൽ വന്ന ഈസാ നബി വരെയുള്ള മുഴുവൻ പ്രവാചകൻമാരും. ഈ വദമനുസരിച്ചാകുമ്പോൾ കുറേയേറെ ഖാതമുന്നബിയ്യീനുകൾ ഉണ്ടായിരുന്നുവെന്നും സമ്മതക്കേണ്ടി വരും. പക്ഷെ ആ പേരിൽ ഒരു നബിയെ മാത്രമേ അല്ലാഹു പരിചയപ്പെടുത്തിയിട്ടുള്ളു. ഈസാ നബിയെ 'ഖാതമു അൻബിയാഇ ബനീ ഇസ്റാഈൽ' എന്ന് ഇമാം ഇബ്നു കസീർ വിശേഷിപ്പത് ഇപ്പറഞ്ഞതിന്നെതിരല്ല.

മറ്റൊരു ഹദീസ് കാണുക: مَثَلِى فِى النَّبِيِّينَ كَمَثَلِ رَجُلٍ بَنَى دَاراً فَأَحْسَنَهَا وَأَكْمَلَهَا وَتَرَكَ فِيهَا مَوْضِعَ لَبِنَةٍ لَمْ يَضَعْهَا فَجَعَلَ النَّاسُ يَطُوفُونَ بِالْبُنْيَانِ وَيَعْجَبُونَ مِنْهُ وَيَقُولُونَ لَوْ تَمَّ مَوْضِعُ هَذِهِ اللَّبِنَةِ . فَأَنَا فِى النَّبِيِّينَ مَوْضِعُ تِلْكَ اللَّبِنَةِ 'പ്രവാചകൻമാർക്കിടയിൽ എന്റെ ഉപമ വിട് നിർമ്മിച്ച ഒരാളുടേത് പോലെയാകുന്നു. അയാൾ ആ വീട് നന്നാക്കുകയും പൂർത്തീകരിക്കുകയും, എന്നാൽ, ഒരു കല്ലിന്റെ സ്ഥാനം കല്ല് വെക്കാതെ ഒഴിച്ചിടുകയും ചെയ്തു. ജനം ആ ഭവനം ചുറ്റിക്കാണുകയും ആശ്ചര്യപ്പെടുകയും ചെയ്തു. ഈ കല്ലിന്റെ സ്ഥാനം പൂർത്തീകരിച്ചിരുന്നുവെങ്കിൽ എന്ന് അവർ പറയുമായിരുന്നു. പ്രവാചകൻമാർക്കിടയിൽ ആ കല്ലിന്റെ സ്ഥാനം ഞാനാകുന്നു.' (അഹ്മദ്, തിർമിദി)

മറ്റൊരു നിവേദനത്തിൽ: فَأَنَا مَوْضِعُ اللَّبِنَةِ جِئْتُ فَخَتَمْتُ الأَنْبِيَاءَ ആ കല്ലിന്റെ സ്ഥാനം ഞാനാണ്; ഞാൻ വന്നു, ഞാൻ പ്രവാചകൻമാരെ പൂർത്തീകരിച്ചു/ അവസാനിപ്പിച്ചു. .(മുസ്ലിം)

'ഖതമ'യ്ക്ക് അവസാനിപ്പിച്ചു എന്ന ഒരർഥം ഉണ്ടായിരുന്നില്ലെങ്കിൽ, ഖാദിയാനികൾ പ്രസിദ്ധീകരിച്ച ഖുർആൻ പരിഭാഷയുടെ അവസാനത്തിൽ 'ദുആഉ ഖത്മിൽ ഖുർആൻ' എന്ന തലക്കെട്ടിലുള്ള പ്രാർഥനയുടെ ഉദ്ദേശ്യമെന്താണ്? ഖുർആനിനു മുദ്രവയ്ക്കുന്ന പ്രാർഥന എന്ന് തന്നെയാണോ? അല്ലെങ്കിൽ, ഖുർആനിന്റെ മുദ്രയുമായി ഇനിയു ഗ്രന്ഥങ്ങൾ വരുമെന്നാണോ ഉദ്ദേശ്യം?

മുഹമ്മദ് നബി അന്ത്യപ്രവാചകനാണ് എന്ന കാര്യം ഖാദിയാനികൾക്ക് സ്വീകാര്യമല്ലെങ്കിലും റശാദ് ഖലീഫയും ഹാറൂൻ യഹ്യായും ഇതംഗീകരിക്കുന്നുണ്ട്. റശാദ് ഖലീഫ ഖുർആൻ 33/40 വിവർത്തനം ചെയ്തതിങ്ങനെയാണ്. Muhammad was not the father of any man among you. He was a messenger of GOD and the final prophet. GOD is fully aware of all things. (മുഹമ്മദ് നിങ്ങളിൽ പെട്ട ഒരു പുരുഷന്റെയും പിതാവായിരുന്നില്ല. അദ്ദേഹം ദൈവത്തിന്റെ ദൂതനും അന്ത്യപ്രവാചകനുമായിരുന്നു. ദൈവം എല്ലാം അറിയുന്നവനാകുന്നു.) ഇതിന്ന് കൊടുത്ത അടിക്കുറിപ്പിൽ ഇങ്ങനെ പറയുന്നു: 'മുഹമ്മദ് നബിയുടെ വ്യക്തമായ നിർവചനമിതാണെങ്കിലും അദ്ദേഹം അന്ത്യപ്രവാചകനും അന്ത്യദൂതനുമാണെന്നാണ് മിക്ക മുസ്ലിംകളും കരുതുന്നത്.'

ഈ ആശയം ഹാറൂൻ യഹ്യായുടെ THE PROPHET MUHAMMAD (SAAS) എന്ന കൃതിയുടെ ആമുഖത്തിൽ കാണാം: As a verse of the Qur'an reveals, "... Muhammad is the Messenger of Allah and the Final Seal of the Prophets." (Surat al-Ahzab: 40), the Prophet Muhammad (saas) was sent to mankind as the last prophet. ('ഖുർആനിലെ ഒരു വചനം, -'മുഹമ്മദ് അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരുടെ അവസാനത്തെ മുദ്രയുമാണ്' (അഹ്സാബ് 40) - വ്യക്തമാക്കുന്നത് പോലെ മുഹമ്മദ് (സ) മനുഷ്യരിലേക്കുള്ള അന്ത്യ പ്രവാചകനായി നിയോഗിക്കപ്പെട്ടിരിക്കുന്നു.')

## അന്ത്യപ്രവാചകനാണ്; അന്ത്യദൂതനല്ല

നബിയും റസൂലും (പ്രവാചകനും ദൂതനും) രണ്ടാണെന്ന വാദമാണ് ഹാറൂൻ യഹ്യായ്ക്കും റശാദ് ഖലീഫക്കമുള്ളത്. 'എല്ലാ റസൂലും നബിയല്ല; എന്നാൽ, എല്ലാ നബിയും റസൂലാണ്' എന്നതാണ് ഇവരുടെ സമവാക്യം. ഇവരുടെ വീക്ഷണത്തിൽ മുഹമ്മദ് നബി അന്ത്യപ്രവാചകനാണ്, എന്നാൽ അന്ത്യദൂതനല്ല.

റശാദ് ഖലീഫ എഴുതുന്നു: 'ഖുർആനിലുള്ള മുഖ്യ പ്രവചനങ്ങളിലൊന്ന്, എല്ലാ പ്രവാചകൻമാരും വന്നതിന്ന് ശേഷം, എല്ലാ വേദങ്ങളും ഇറക്കപ്പെട്ടതിന്ന് ശേഷം ദൈവിക കരാറനുസരിച്ചുള്ള ദൂതൻ അയക്കപ്പെടുമെന്നതാണ്.' (ഖുർആൻ വിവർത്തനം അപെൻഡിക്സ് മൂന്ന്.) ഈ ദൂതൻ താൻ തന്നെയാണെന്നും അദ്ദേഹം വാദിച്ചു. അദ്ദേഹം ദൂതനാണെന്നതിന്റെ തെളിവ് ഖുർആനിന്റെ അമാനുഷികതയുടെ തെളിവെന്ന നിലയിൽ അദ്ദേഹമവതരിപ്പിച്ച 'ഖുർആനും 19 ന്റെ ഗുണിതവും' ആണത്രെ. അദ്ദേഹത്തിന്റെ കാലം വരെ ആർക്കും (ഖുർആൻ ഇറക്കപ്പെട്ട മുഹമ്മദ് നബിക്ക് പോലും) അറിയാതിരുന്ന ഈ അൽഭുത അടയാളം വെളിപ്പെടുത്തുവാനാണ് ദൈവം തന്നെ നിയോഗിച്ചത് എന്നാണ് റശാദിന്റെ വാദം. ഇങ്ങനെ ഒരു അമാഷുകിത ഖുർആനിനുണ്ടെങ്കിൽ, അത് ഖുർആനിലൂടെ തന്നെയോ, മുഹമ്മദ് നബിയിലൂടെയോ അല്ലാഹവിന്ന് വെളപ്പടുത്താമായിരുന്നുവല്ലോ. ഖുർആനിന്റെ അമാനുഷികത ഇസ്ലാമിൽ സർവ്വകാല പ്രസക്തിയുള്ള വിഷയമാണെന്നിരിക്കെ വിശേഷിച്ചും! കമ്പ്യൂട്ടർ യുഗത്തിൽ മാത്രമേ അദ്ദേഹമവതരിപ്പിച്ച ഗണിതം മനസ്സിലാക്കാൻ സാധിക്കുകയുള്ളു എന്നില്ല. അറബി ഭാഷ എഴുതാനും വായിക്കാനുമറിയുന്ന ആർക്കും പരിശോധിക്കാൻ സാധിക്കുന്നതാണിത്. അതിന്റെ പൊള്ളത്തരം ബോധ്യമാവുകയും ചെയ്യും. അദ്ദേഹം പറയുന്ന കാര്യങ്ങൾ ചലേടത്ത് മാത്രം ഒത്താൽ പോരല്ലോ.

എന്നാൽ, റശാദ് ഖലീഫയുടെ കാര്യം വ്യത്യസ്തമാണ്. അദ്ദേഹം സ്വയം കണ്ടെത്തിയ പത്തൊമ്പതിന്റെ ഗുണിതത്തെ അടിസ്ഥാനമാക്കിയുള്ള ഗവേഷണം, നിലവിലുള്ള ഖുർആനിന്റെ വിശ്വാസ്യത ചോദ്യം ചെയ്യുന്നിടത്താണ് അദ്ദേഹത്തെ കൊണ്ടെത്തിച്ചത്. അദ്ദേഹത്തിന്റെ ഖുർആൻ പരിഭാഷയിൽ ഒമ്പതാം അദ്ധ്യായത്തിൽ 127 സൂക്തങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയത്. അവസാനത്തെ രണ്ട് സൂക്തങ്ങൾ (9/128,129) പ്രക്ഷിപ്തങ്ങളായ വ്യാജസൂക്തങ്ങളാണ് (Inserted false verses) എന്നാണദ്ദേഹത്തിന്റെ കണ്ടെത്തൽ. (ഖുർആൻ വിവർത്തനം, അപെൻഡിക്സ് 24.) ഖുർആനിലെ സൂക്തങ്ങളുടെ മൊത്തം എണ്ണം 19 ന്റെ ഗുണിതമാണെന്ന് സ്ഥാപിക്കാൻ വേണ്ടിയുള്ള സർക്കസിന്റെ ഭാഗമായാണ് ഈ രണ്ട് സൂക്തങ്ങൾ അദ്ദേഹം തള്ളിക്കളഞ്ഞത്. ഖുർആനിലെ സൂക്തങ്ങളുടെ മൊത്തം എണ്ണം 6236 ആണ്. ഇത് 19 ന്റെ ഗുണിതമല്ല. അപ്പോഴാണ് ഖുർആൻ സൂക്തങ്ങളായി എണ്ണാറില്ലാത്തതും വേണമെങ്കിൽ എണ്ണാവുന്നതുമായ 112 ബിസ്മികൾ (ഒമ്പതാം അദ്ധ്യായത്തിൽ ബിസ്മിയില്ല. ഒന്നാമദ്ധ്യായത്തിലെ ബിസ്മി നേരത്തെത്തന്നെ ആ അദ്ധ്യായത്തിലെ ഒരു സൂക്തമായിട്ടാണ് കണക്കാക്കുന്നത്.) അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെടുന്നത്. (6236 + 112 = 6348) ഇത് ചേർത്തിട്ടും രക്ഷയില്ലെങ്കിലോ? ഇതിൽ നിന്ന് രണ്ട് കുറച്ചാൽ കിട്ടുന്ന സംഖ്യ (6346) 19 ന്റെ ഗുണിതമാണ്. എന്നാൽ പിന്നെ രണ്ട് സൂക്തങ്ങൾ വെട്ടിക്കുറക്കാം എന്ന് തീരുമാനിച്ചു.. അല്ലാഹവിന്റെ ഗ്രന്ഥം വിശ്വാസയോഗ്യമല്ലെന്ന് വന്നാലും തന്റെ ഗണിതം ഒത്തു വന്നതിൽ അദ്ദേഹം സന്തോഷിച്ചിട്ടുണ്ടാവാം. ഇദ്ദേഹം, ഖർആനിന്റെ വിശ്വാസ്യത തകർക്കാൻ ശ്രമിക്കുന്ന ആരുടെയോ കൈയിലെ പാവയായിരുന്നിരിക്കാനും സാധ്യതയുണ്ട്.

നബിയും റസൂലും (പ്രവാചകനും ദൂതനും) രണ്ടാണെന്ന വാദമാണ് റശാദ് ഖലീഫക്കും ഹാറൂൻ യഹ്യായ്ക്കുമുള്ളത്. 'എല്ലാ റസൂലും നബിയല്ല; എന്നാൽ, എല്ലാ നബിയും റസൂലാണ്' എന്നതാണ് ഇവരുടെ സമവാക്യം. ഇവരുടെ വീക്ഷണത്തിൽ മുഹമ്മദ് നബി അന്ത്യപ്രവാചകനാണ്, എന്നാൽ അന്ത്യദൂതനല്ല.

റശാദ് ഖലീഫ ഹദീസ് നിഷേധിയാണ്. അതിനാൽ,. മഹ്ദി വിശ്വാസം അംഗീകരിക്കുന്നില്ല. എന്നാൽ, ഖുർആനിൽ മഹ്ദിയുടെ അടയാളം വിവരിച്ചിരിക്കുന്നു എന്നാണ് ഹാറൂൻ യഹ്യാ വാദിക്കുന്നത്. അതോടൊപ്പം, അന്ത്യനാളിന്റെ അടയാളങ്ങളും അത് പോലുമല്ലാത്ത പലതും മഹ്ദിയുടെ അടയാളങ്ങളാക്കി അവതരിപ്പിക്കാൻ അദ്ദേഹം നിർബന്ധിതനാവുകയും ചെയ്തിരിക്കുന്നു. മഹ്ദിയുടെ പേര് ഖുർആനിൽ പറയപ്പെട്ടിട്ടില്ല, മഹ്ദിയെക്കുറിക്കുന്ന വ്യക്തമായ ഒരു സൂചനയും ഖുർആനിലില്ല.

എന്നിരിക്കെ, മഹ്ദിയുടെ അടയാളങ്ങൾ ഖുർആനിൽ കാണപ്പെടാൻ ഒരു സാധ്യതയുമില്ലെന്ന് വ്യക്തമാണല്ലോ.

അദ്ദേഹത്തിന്റെ കണ്ടെത്തലിന്റെ ഒരുദാഹരണം കാണുക: ഖുർആൻ 54-ാം അദ്ധ്യായത്തിന്റെ തുടക്കത്തിൽ '(അന്ത്യ)സമയം അടുത്തിരിക്കുന്നു. ചന്ദ്രൻ പിളർന്നിരിക്കുന്നു' എന്ന പരാമർശത്തെ മഹ്ദിയുടെ അടയാളമായിട്ടാണ് ഹാറൂൻ യഹ്‌യാ കണക്കാക്കുന്നത്. നിരവധി ഹദീസുകളിൽ വിവരിക്കപ്പെട്ടതനുസരിച്ച്, നബി (സ) മക്കയിലായിരുന്ന കാലത്താണ് ചന്ദ്രൻ പിളർന്നത്. ഇതാണ് സർവ്വരാലും സ്വീകരിക്കപ്പെട്ട വ്യാഖ്യാനം. എന്നാൽ, ഹദീസ് വിശ്വാസിയായ ഹാറൂൻ യഹ്‌യാ വാദിക്കുന്നത് ചന്ദ്രൻ പിളർന്നത് 1969 ലാണ് എന്നാണ്. അമേരിക്കൻ ഗഗനചാരികൾ ചന്ദ്രന്റെ ചെറിയ ഭാഗം കോരിയെടുത്ത് ഭൂമിയിലേക്ക് കൊണ്ട്വന്ന സംഭവമാണ് ഇത് കൊണ്ടുദ്ദേശ്യമെന്നാണ് വാദം. എന്നാൽ, ഈ വാദം ആദ്യമുന്നയിച്ചത് ഹദീസ് നിഷേധിയായ റശാദ് ഖലീഫ ആണ്. (അദ്ദേഹത്തിന്റെ ഖുർആൻ വ്യഖ്യാനം അപെൻഡിക്സ് 25)

## മഹ്ദി എന്ന റസൂൽ

ഇസാ നബി പ്രവചിച്ചതായി ഖുർആൻ 61/6 ചൂണ്ടിക്കാണിച്ച അഹ്മദ് എന്ന് പേരുള്ള റസൂലിനെ കുറിച്ച് ഹാറൂൻ യഹ്‌യാ എഴുതുന്നു: "And when Jesus son of Maryam said, "Tribe of Israel, I am the Messenger of Allah to you, confirming the Torah which came before me and giving you the good news of a messenger after me whose name is Ahmad." When he brought them the clear signs, they said, "This is downright magic." (Surat as-Saff, 6)

"Prophet Jesus (pbuh) imparts the tidings that this messenger who will come after him will be called "Ahmad." Examination of the Qur'an as a whole shows that those verses referring to Prophet Muhammad (may Allah bless him and grant him peace) either use the name "Muhammad" or else just the term "prophet." Nowhere in the Qur'an is the name "Ahmad" used for the Prophet (may Allah bless him and grant him peace). The name appears only once in the Qur'an, in a verse revealing the glad tidings of a messenger. This supports the idea that the name "Ahmad" refers to Mahdi who will come in the End Times, as well as our Prophet (may Allah bless him and grant him peace). And Allah knows best. In addition, as in the previous verse, the fact that it is Prophet Jesus (pbuh) who imparts the name of the messenger is another piece of evidence reinforcing this interpretation." (Pages 77, The Mahdi a Discendant of porphet Abraham [PBUH], can be downloaded from: http://api.fmanager.net/api_v1/xmlapi.php?dev-t=EDCRFV&with=mod=file,id=30805)

(അല്ലാഹു പറഞ്ഞു: ''മർയമിന്റെ പുത്രൻ ഈസാ പറഞ്ഞ സന്ദർഭം അനുസ്മരിക്കുക: ഇസ്രാഈൽ ഗോത്രമേ! എനിക്ക് മുമ്പ് വന്ന തൗറാത്തിനെ സത്യപ്പെടുത്തിക്കൊണ്ടും എനിക്കു ശേഷം വരാനിരിക്കുന്ന അഹ്മദ് എന്ന് പേരുള്ള ദൂതനെക്കുറിച്ച് സന്തോഷവാർത്ത അറിയിച്ചുകൊണ്ടും നിങ്ങളിലേക്കു വന്ന, അല്ലാഹുവിന്റെ ദൂതനാണ് ഞാൻ. വ്യക്തമായ ദൃഷ്ടാന്തങ്ങളുമായി അദ്ദേഹം അവരുടെ അടുത്ത് വന്നപ്പോൾ അവർ പറഞ്ഞു: 'ഇത് വ്യക്തമായ മാരണം തന്നെ'. (സ്വഫ്ഫ് ൬) 'ഈസാ നബി അദ്ദേഹത്തിന്ന് ശേഷം വരാനിരിക്കുന്ന ദൂതന്റെ പേര് പരിചയപ്പെടുത്തിയത് 'അഹ്മദ്' എന്നാണ്. ഖുർആൻ മുഴുവൻ പരിശോധിച്ചാലും, മുഹമ്മദ് നബിയെ പരാമർശിക്കുന്ന സൂക്തങ്ങൾ അദ്ദേഹത്തെ 'മുഹമ്മദ്' എന്നോ അല്ലെങ്കിൽ 'പ്രവാചകൻ' എന്ന് മാത്രമോ ആണ് വിളിക്കുന്നത് എന്ന് കാണാം. മുഹമ്മദ് നബിയുടെ പേരായിട്ട് ഖുർആനിൽ എവിടെയും അഹ്മദ് എന്ന പദം ഉപയോഗിച്ചിട്ടേയില്ല. ഒരു ദൂതനെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്ന, ഒരു സൂക്തത്തിൽ മാത്രം, ഒരിക്കലാണ് ഈ പദം ഖുർആനിൽ വന്നിരിക്കുന്നത്. അഹ്മദ് കൊണ്ടുദ്ദേശ്യം മുഹമ്മദ് നബിയാണ് എന്ന ആശയത്തെ മാത്രമല്ല, അത് അവസാനകാലത്ത് വരുന്ന മഹ്ദിയാണ് എന്ന ആശയത്തെയും ഇത് പിന്തുണക്കുന്നു. അല്ലാഹുവിന്നറിയാം. കൂടാതെ, ഈസാ നബിയാണ് വരാനിരിക്കുന്ന ദൂതന്റെ പേര് പറയുന്നത് എന്നത് ഈ വീക്ഷണത്തിന്റ മറ്റൊരു തെളിവാണ്.)

ഞാൻ തന്നെയാണ് അഹ്മദും മുഹമ്മദും എന്ന് നബി തിരുമേനി വ്യക്തമാക്കിയിട്ടുണ്ട്. (ബുഖാരി, മുസ്‌ലിം) എന്നിരിക്കെ ഈസാ നബി പ്രവചിച്ച അഹ്മദ് എന്ന് പേരുള്ള ദൂതൻ മറ്റൊരാളായിരിക്കാൻ തീരെ സാധ്യതയില്ല. ഇതാണ് ഖുർആൻ വ്യഖ്യതാക്കൾ അംഗീകരിച്ച കാഴ്ചപ്പാട്. എന്നാൽ, ഹാറൂൻ യഹ്‌യാ മഹ്ദിയെക്കുറിച്ച് പറയുന്നത് അദ്ദേഹം അല്ലാഹുവിനാൽ അയക്കപ്പെട്ട ഒരു ദൂതനായിരിക്കുമെന്നാണ്. വരാനിരിക്കുന്ന മഹ്ദിയുടെ പേര് നബി തിരുമേനിയുടെ പേര് തന്നെ

ആയിരിക്കുമെന്ന് ഹദീസുകളിൽ കാണാം. പക്ഷെ, അദ്ദേഹം റസൂൽ ആയിരിക്കുമെന്നല്ല; ഇമാം ആയിരിക്കുമെന്ന് മാത്രാണ് നബി വ്യക്തമാക്കിയത്.

## നബിയും റസൂലും

ഇസ്‌ലാമിന്റെ രണ്ട് സാങ്കേതിക പദങ്ങളായ നബി, റസൂൽ (പ്രവാചകൻ, ദൂതൻ) ഇവ തമ്മിൽ വ്യത്യാസമുണ്ടോ എന്നതിനെ സംബന്ധിച്ച് ഇസ്‌ലാമിക പണ്ഡിതൻമാർ ധാരാളം ചർച്ചകൾ നടത്തിയിട്ടുണ്ട്. അവരിൽ ചിലർ നബിക്ക് ഉയർന്ന സ്ഥാനവും റസൂലിന്ന് അതിന്ന് താഴെയുള്ള സ്ഥാനവും കൽപ്പിക്കുന്നു. 'എല്ലാ റസൂലും നബിയല്ല; എന്നാൽ എല്ലാ നബിയും റസൂലാണ്' എന്നതാണിവരുടെ സമവാക്യം. മറ്റു ചിലർ, റസൂലിന്ന് ഉയർന്ന സ്ഥാനവും നബിക്ക് രണ്ടാം സ്ഥാനവും കൽപ്പിക്കുന്നവരാണ്. 'എല്ലാ നബിയും റസൂലല്ല; എന്നാൽ എല്ലാ റസൂലും നബിയാണ്' എന്നത് ഇവരുടെ സമവാക്യം. പക്ഷെ, ഇവയൊന്നും ഖണ്ഡിതമായ തെളിവുകളാൽ സ്ഥാപിക്കുവാൻ ഇവരിലാർക്കും സാധിച്ചിട്ടില്ല.

റശാദ് ഖലീഫയുടെയും ഹാറൂൻ യഹ്‌യായുടെയും അഭിപ്രായത്തിൽ, 'പുതിയ ഗ്രന്ഥവുമായി വരുന്നയാൾ ദൂതനും പ്രവാചകനുമാണ്. നിലവിലുള്ള ഗ്രന്ഥം പ്രബോധനം നടത്താൻ വരുന്നയാൾ ദൂതൻ മാത്രമാണ്; പ്രവാചകനല്ല'.

എന്നാൽ, ഗ്രന്ഥം നൽകപ്പെട്ടിട്ടില്ലാത്ത ഹാറൂനിനെ നബിയെന്ന് ഖുർആൻ വിളിച്ചിട്ടുണ്ടെന്നിരിക്കെ, ഈ നിർവചനം എങ്ങനെയാണ് ശരിയാവുക എന്ന ചോദ്യത്തിന്ന് റശാദ് അദ്ദേഹത്തിന്റെ വെബസൈറ്റിൽ നൽകിയ മറുപടി ഖുർആൻ 37/117 ആണ്. وَآتَيْنَاهُمَا الْكِتَابَ الْمُسْتَبِينَ 'അവരിരുവർക്കും (മൂസാ, ഹാറൂൻ) നാം വ്യക്തമായ ഗ്രന്ഥം നൽകി.' അതായത് അല്ലാഹു തൗറാത്ത് നൽകിയത് മൂസാനബിക്ക് മാത്രമാണെന്ന വിശ്വാസം ശരിയല്ല; അവരിരുവർക്കുമാണ് തൗറാത്ത് നൽകപ്പെട്ടത് എന്ന്.

ഇതാണ് മറുപടിയെങ്കിൽ പ്രവാചകൻമാരുടെ എണ്ണം നിരവധി കോടികളാണെന്നിവർ സമ്മതിക്കേണ്ടി വരും. കാരണം ഖുർആനിൽ ഇങ്ങനെയും ചില വചനങ്ങളുണ്ട്: الَّذِينَ آتَيْنَاهُمُ الْكِتَابَ يَعْرِفُونَهُ كَمَا يَعْرِفُونَ أَبْنَاءَهُمْ وَإِنَّ فَرِيقًا مِنْهُمْ لَيَكْتُمُونَ الْحَقَّ وَهُمْ يَعْلَمُونَ <u>നാം ഗ്രന്ഥം നൽകിയിട്ടുള്ളവരാരോ</u> അവർ, തങ്ങളുടെ മക്കളെ തിരിച്ചറിയും വിധം, അദ്ദേഹത്തെ (മുഹമ്മദ്) തിരിച്ചറിയുന്നു. അവരിൽ ഒരു വിഭാഗം അറിഞ്ഞു കൊണ്ട് സത്യം മറച്ചുവയ്ക്കുകയാകുന്നു. (ഖുർആൻ 2/146. കൂടാതെ, 2/121; 6/20, 89, 114; 13/36; 28/52; 29/47 എന്നിവയും കാണുക.) അപ്പോൾ ഗ്രന്ഥം നൽകപ്പെട്ടവരായിട്ട് ഖുർആൻ പരിചയപ്പെടുത്തുന്നവർ ഇവരുടെ വാദമനുസരിച്ച് പ്രവാചകൻമാരാകേണ്ടതാണ്. അങ്ങനെ വരുമ്പോൾ അഹ്‌ലുൽ കിതാബിലെ മുഴുവൻ അംഗങ്ങളും പ്രവാചകൻമാരായിരിക്കും. മാത്രമല്ല; അല്ലാഹുവിന്റെ നബിമാരിൽ ചിലർ സത്യ മനസ്സിലാക്കിയിട്ടും അത് മറച്ച്‌വയ്ക്കുന്നവരായിരുന്നു എന്ന് കൂടി ഇവർ വാദിക്കേണ്ടി വരും. 'പറയുക: അല്ലാഹുവിന് മേൽ വ്യാജം ചമയ്ക്കുന്നവർ വിജയിക്കുകയില്ല.' (ഖുർആൻ 10/69)

പ്രവാചകൻമാർ എന്നാൽ ഗ്രന്ഥം നൽകപ്പെട്ടവരാണ് എന്ന് ഖുർആൻ കൊണ്ട് തെളിയിക്കാൻ സാധ്യമല്ല. കാരണം, ദൂതൻമാരെ പരിചയപ്പെടുത്തിക്കൊണ്ട് ഖുർആൻ പറയുന്നത് കാണുക: لَقَدْ أَرْسَلْنَا رُسُلَنَا بِالْبَيِّنَاتِ وَأَنْزَلْنَا مَعَهُمُ الْكِتَابَ وَالْمِيزَانَ വ്യക്തമായ ദൃഷ്ടാന്തങ്ങളുമായി <u>നാം ദൂതൻമാരെ അയച്ചിരിക്കുന്നു. അവരോടൊപ്പം ഗ്രന്ഥവും ത്രാസും ഇറക്കിയിരിക്കുന്നു.</u> (ഖുർആൻ 57/25)

മുഹമ്മദ്നബിയെ ആശ്വസിപ്പിക്കുന്ന ഒരു സൂക്തം കാണുക: فَإِنْ كَذَّبُوكَ فَقَدْ كُذِّبَ رُسُلٌ مِنْ قَبْلِكَ جَاءُوا بِالْبَيِّنَاتِ وَالزُّبُرِ وَالْكِتَابِ الْمُنِيرِ അവർ നിന്നെ കളവാക്കുന്നുവെങ്കിൽ, നിന്റെ മുൻഗാമികളായ, വ്യക്തമായ ദൃഷ്ടാന്തങ്ങളും ഏടുകളും <u>പ്രകാശിക്കുന്ന ഗ്രന്ഥങ്ങളും കൊണ്ട് വന്ന ദൂതൻമാരും</u> കളവാക്കപ്പെട്ടിട്ടുണ്ട്. (ഖുർആൻ 3/184. 35/25 കാണുക.) ഗ്രന്ഥങ്ങൾ കൊണ്ട് വന്നവരെ ഇവിടെ നബി എന്നല്ല; റസൂൽ എന്നാണ് പരിചയപ്പെടുത്തിയത്. റശാദ് ഖലീഫയും അദ്ദേഹത്തെ കോപ്പിയടിച്ചുകൊണ്ട് ഹാറൂൻ യഹ്‌യായും പറയുന്നത് പോലെയല്ല അല്ലാഹു പറഞ്ഞിട്ടുള്ളത്. നമുക്ക് അല്ലാഹുവിന്റെ വാക്കുകളെ അവലംബിക്കാം.

ഖുർആൻ 2/246, 247 സൂക്തങ്ങളിൽ ഇസ്രാഈല്യർ അവരുടെ നബിയോട് ഒരു രാജാവിനെ നിശ്ചയിച്ചു കൊടുക്കാൻ ആവശ്യപ്പെട്ടതും അതനുസരിച്ച് രാജാവ് നിശ്ചയിക്കപ്പെട്ടതും വിവരിക്കുന്നുണ്ട്. ഇവരുടെ വാദം ശരിയാണെങ്കിൽ, ഈ പറയപ്പെട്ട നബി ആരാണ്? അദ്ദേഹത്തിന്ന് നൽകപ്പെട്ട ഗ്രന്ഥമേതാണ്?

ദൂതൻ, പ്രവാചകൻ എന്നിവ പരസ്പരം മാറി ഉപയോഗിക്കാവുന്ന രണ്ട് സാങ്കേതിക പദങ്ങളായിട്ടാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്. ഇസ്‌ലാമിലെ വിശ്വാസകാര്യങ്ങൾ എണ്ണിപ്പറഞ്ഞ സൂക്തങ്ങൾ ഇതിന്ന് തെളിവാണ്. ഖുർആൻ 2/177 ൽ 'അല്ലാഹുവിലും അന്ത്യനാളിലും മലക്കുളിലും ഗ്രന്ഥങ്ങളിലും <u>പ്രവാചകൻമാരിലും</u>' വിശ്വസിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, ഖുർആൻ

4/136, 2/285 സൂക്തങ്ങളിൽ അല്ലാഹു, മലക്കുകൾ, ഗ്രന്ഥങ്ങൾ, ദൂതൻമാർ ഇവയിൽ വിശ്വസിക്കാനാണ് നിർദ്ദേശം. രണ്ടും പര്യായപദങ്ങൾ പോലെ ഉപയോഗിക്കാമെന്നാണല്ലോ ഇതിന്നർഥം. അപ്പോൾ, മുഹമ്മദ്(സ) അന്ത്യപ്രവാചകനാണെങ്കിൽ അതിന്നർഥം അദ്ദേഹം അന്ത്യദൂതൻ കൂടി ആണെന്നായിരിക്കണം. മുഹമ്മദ് നബിയും കൂടെ മറ്റു ദൂതൻമാരും പരാമർശിക്കപ്പെടുന്ന മുഴുവൻ സൂക്തങ്ങളും പരിശോധിച്ചാൽ 'മുഹമ്മദ് നബിയും അദ്ദേഹത്തിന്ന് മുമ്പുള്ള ദൂതൻമാരും എന്ന പ്രയോഗമല്ലാതെ ശേഷമുള്ള ദൂതൻ/മാർ എന്ന പ്രയോഗം ഒരിടത്തും കാണാൻ സാധ്യമല്ല. അല്ലാഹു എന്തിനാണിക്കാര്യത്തിൽ ഇത്ര വലിയ സൂക്ഷ്മത പാലിച്ചത്?

ഉഹ്ദ് യുദ്ധവേളയിൽ നബി കൊല്ലപ്പെട്ടുവെന്ന കിംവദന്തി പരന്നപ്പോൾ അതിന്ന് മറുപടിയായി ഇറങ്ങിയ സൂക്തമാണല്ലോ 3/144. 'മുഹമ്മദ് ഒരുദൂതൻ അല്ലാതെയല്ല/മാത്രമാകുന്നു. അദ്ദേഹത്തിന്ന് മുമ്പും ദൂതൻമാർ കഴിഞ്ഞു പോയിട്ടുണ്ട്. എന്നിരിക്കെ അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്താൽ നിങ്ങൾ പിന്തിരിഞ്ഞോടുകയാണോ?'

ഇവരുടെ വാദം ശരിയാണെങ്കിൽ, മുഹമ്മദ് താഴ്ന്ന പടിയിലുള്ള വെറുമൊരു ദൂതൻ മാത്രമാണ്; ഉയർന്ന പദവിയായ പ്രവാചകത്വ പദവി അദ്ദേഹത്തിന് ലഭിച്ചിട്ടില്ല എന്നായിരിക്കും ഇതിന്നർഥം. ഇങ്ങനെ ഒരു ദുരർഥം ഇതിന്ന് വന്നുചേരാതിരിക്കണമെങ്കിൽ, അല്ലാഹു പറയേണ്ടിയിരുന്നത്: 'മുഹമ്മദ് ഒരു ദൂതനും പ്രവാചകനും അല്ലാതെയല്ല' എന്നായിരുന്നില്ലേ? ചുരുങ്ങിയത് 'ഒരു പ്രവാചകൻ അല്ലാതെയല്ല' എന്നെങ്കിലും പറയേണ്ടിയിരുന്നില്ലേ? അതോടൊപ്പം ഈ സൂക്തത്തിൽ, മുഹമ്മദിന്ന് മുമ്പ് ദൂതൻമാർ കഴിഞ്ഞു പേയിട്ടുണ്ട് എന്ന് പറയുന്നു. എന്നാൽ, ശേഷം വരാനിരിക്കുന്ന ദൂതൻമാരെക്കുറിച്ച് ഒന്നും പറയുന്നുമില്ല. വരാനുണ്ടായിരുന്നുവെങ്കിൽ, അത് സൂചിപ്പിക്കാൻ ഏറ്റവും പറ്റിയ സന്ദർഭമായിരുന്നില്ലേ ഇത്? 'മുഹമ്മദിന്ന് മുമ്പ് ദൂതൻമാർ കഴിഞ്ഞുപോയിട്ടുണ്ടെന്നത് പോലെ ഇനിയും ദൂതൻ/മാർ വരാനുമുണ്ട്' എന്ന് പറയുമ്പോഴല്ലോ 'അദ്ദേഹം കൊല്ലപ്പെട്ടുവെന്ന് കേൾക്കുമ്പോൾ നിങ്ങൾ പിൻമാറുകയാണോ' എന്ന ചോദ്യം കൂടുതൽ പ്രസക്തമാവുക?

അല്ലാഹുവിനാൽ അയക്കപ്പെട്ട എല്ലാവരും തുല്യരല്ല. ഖുർആൻ പറയുന്നു: 'ആ ദൂതൻമാരിൽ ചിലരെ ചിലരെക്കാൾ നാം ശ്രേഷ്ഠരാക്കിയിരിക്കുന്നു. അവരിൽ അല്ലാഹു ഭാഷണം നടത്തിയവരുണ്ട്. അവരിൽ ചിലർക്ക് ചിലരെക്കാൾ ഉയർന്ന പദവികൾ നൽകിയിരിക്കുന്നു. മർയമിന്റെ പുത്രൻ ഈസായ്ക്ക് നാം വ്യക്തമായ ദൃഷ്ടാന്തങ്ങൾ നൽകുകയും അദ്ദേഹത്തെ പരിശുദ്ധാത്മാവ് കൊണ്ട് ശക്തിപ്പെടുത്തുകയും ചെയ്തു.' (ഖുർആൻ 2/253) ഈ സൂക്തത്തിൽ 'ദൂതൻമാർ' എന്ന പദമാണുപയോഗിച്ചത്. എന്നിട്ട് പരാമർശിക്കപ്പെട്ടവരിൽ (അല്ലാഹു ഭാഷണം നടത്തിയ) മൂസാ, പിന്നെ ഈസാ എന്നിവരെ കാണാം. ഇരുവരും ഗ്രന്ഥം നൽകപ്പെട്ടവരാണ്.

മറ്റൊരു സൂക്തം കാണുക: 'ചില പ്രവാചകൻമാരെ നാം ചിലരെക്കാൾ ശ്രേഷ്ഠരാക്കിയിരിക്കുന്നു. ദാവൂദിന്ന് നാം സബൂർ നൽകിയിരിക്കുന്നു'. (ഖുർആൻ 17/55) ഈ സൂക്തത്തിൽ പ്രവാചകൻമാർ എന്ന പദമാണുപയോഗിച്ചത്. എന്നിട്ട് ദാവൂദിന്ന് സബൂർ എന്ന ഗ്രന്ഥം നൽകിയതായി പറയുന്നു. റസൂലും നബിയും തമ്മിലുണ്ടെന്ന്, ഇവർ പറയുന്ന വ്യത്യാസം സാധുവായിരുന്നുവെങ്കിൽ ഒന്നാമത്തെ സൂക്തത്തിൽ ഗ്രന്ഥം നൽകപ്പെട്ടിട്ടില്ലാത്തവരുടെ പേരാണ് പറയേണ്ടിയിരുന്നത്. ഒരു കര്യം അറിയിക്കുന്നതിന്ന് ഒരിടത്ത് ദൂതൻമാർ എന്നും മറ്റൊരിടത്ത് പ്രവാചകൻമാർ എന്നും പ്രയോഗിച്ചിരിക്കുന്നു എന്ന് മാത്രമേ ഈ സൂക്തങ്ങളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളു.

ശഹാദത്ത് കലിമയിൽ നിന്ന് 'മുഹമ്മദുർറസൂലുല്ലാഹ്' മുറിച്ചു മാറ്റിയ ആളാണ് റശാദ് ഖലീഫ. 'ദീൻ അല്ലാഹുവിന്ന് മാത്രമായിരിക്കണ'മെന്ന ഖുർആൻ വാക്യമാണിതിന്നാധാരമായി അദ്ദേഹം സ്വീകരിച്ചത്. ഇങ്ങനെയുള്ള ഒരാൾക്ക് ഹദീസുകൾ പൈശാചിക കൃതികളായി തോന്നുന്നതിൽ അൽഭുതത്തിന്നവകാശമില്ല. എന്നാൽ, ഹാറൂൻ യഹ്യാ ഹദീസ് അംഗീകരിക്കുന്ന, അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൽ പെട്ട ആളാണ്. ഇനി റസൂലും നബിയും രണ്ടാണെന്ന് നാം സമ്മതിച്ചു കൊടുത്താലും അദ്ദേഹം രക്ഷപ്പെടുകയില്ല. കാരണം, റസൂൽ (സ) പറയുന്നു: « إِنَّ الرِّسَالَةَ وَالنُّبُوَّةَ قَدِ انْقَطَعَتْ فَلاَ رَسُولَ بَعْدِى وَلاَ نَبِىَّ ദൗത്യവും പ്രവാചകത്വവും അവസാനിച്ചിരിക്കുന്നു. എനിക്ക് ശേഷം ദൂതനോ പ്രവാചകനോ ഇല്ല. (തിർമിദി, അഹ്മദ്)

മുഹമ്മദ് നബി അന്ത്യപ്രവാചകനാണെന്നും എന്നാൽ, അന്ത്യദുതനല്ലെന്നും വാദിച്ചാൽ അതും പ്രവാചകത്വ പരിസമാപ്തിയുടെ നിഷേധം തന്നെയാണ്.

alikoyakk@gmail.com